# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2982** 18.06.2018-ൽ മറുപടിയ്ക്ക്

## കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.റോജി എം. ജോൺ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ ഉറപ്പവരുത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ ഉറപ്പവരുത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഇപ്രകാരമുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,454 കുടുംബങ്ങൾ ഉണ്ടെന്ന് ഫിഷറീസ് വകുപ്പ് 2016-ൽ നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഇതിൽ 10,000-ത്തോളം മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് താമസിക്കുന്നത് |
| സി) ഇവർക്കായുള്ള ഭവനനിർമ്മാണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ നടപ്പിലാക്കുന്നത്; | സി) വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ്. അതുകൊണ്ട് ഇതെല്ലാം തന്നെ ലൈഫ് മിഷന്റെ ഭാഗമാണ്. |
| ഡി) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിയും വീടും വാങ്ങുന്ന പദ്ധതി പ്രാവർത്തിക | ഡി) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം |

| | | |
|---|---|---|
| | മാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇതുവരെ ആനുകൂല്യം അനുവദിച്ചു; | ധനസഹായം നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ ബി.ഐ.എഫ് & എച്ച്.ഡി.എഫിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 800 മത്സ്യത്തൊഴിലാളി കുടുംബ-ങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 440 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 2017-18-ൽ മത്സ്യത്തൊഴിലാളി കൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി പ്രകാരമുള്ള 750 എണ്ണത്തിൽ 184 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 27 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| ഇ) | മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ഇ) ഭൂരഹിത ഭവനരഹിതരായ മത്സ്യത്തൊഴിലാളി കൾക്ക് ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു.<br>ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കു ന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് അപ്പാർട്ട് മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറ, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ, മലപ്പുറം ജില്ലയിലും ഫ്ളാറ്റ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| എഫ്) | മുട്ടത്തറയിൽ എത്ര വീടുകളാണ് ഇപ്രകാരം പൂർത്തിയായിട്ടുള്ളത്; മുട്ടത്തറയിലെ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം എന്നാണ് നടത്തിയത് എന്നറിയിക്കാമോ? | എഫ്) തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മുട്ടത്തറയിലെ ഫ്ളാറ്റ് നിർമ്മാണത്തിന്റെ ഉദ്ഘാടനം ബഹു.കേരള മുഖ്യമന്ത്രി 04.01.2017 -ൽ നിർവഹിച്ചു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണം രൂക്ഷമായതുമായ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു.

1) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് 2016-17.

2) കടലാക്രമണം രൂക്ഷമായതും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം 2017-18

2017-18 പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1) | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2) | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3) | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4) | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

(ഒപ്പ്)

**സെക്ഷൻ ആഫീസർ**